LIBRARY ARCHIVES Kerala Legislative Assembly

ആറാട്ടുപുഴയിലെ ഗതാഗത സൗകര്യം

102 [1308] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറാട്ടുപുഴയിൽ ഗതാഗത സൗകര്യം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ നിന്ന് സർവ്വീസ് നടത്തിയിരുന്ന വലിയഴീക്കൽ-എറണാകുളം, വലിയഴീക്കൽ-തിരുവനന്തപുരം ഹാസ്റ്റ് പാസഞ്ചർ (കെ. എസ്. ആർ. ടി. സി.) ബസ്സുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വലിയഴീക്കൽ-തിരുവനന്തപുരം സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. വലിയഴീക്കൽ-എറണാകുളം സർവ്വീസ് തുടങ്ങുന്നത് സംബന്ധിച്ച് യൂണിറ്റ് ഓഫീസറുടെ സാദ്ധ്യതാ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആയത് കെ. എസ്. ആർ. ടി. സി.യ്ക്കും യാത്രക്കാർക്കും ഗുണകരമാണെന്ന് കണ്ടാൽ ഈ കാര്യം പരിഗണിക്കാവുന്നതാണ്.

പന്തളത്തെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

103 [1309] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജകമണ്ഡലത്തിലെ ഗ്രാമപ്രദേശങ്ങളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) പന്തളം മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പന്തളം ഡിപ്പോയിൽ നിലവിലുള്ള 11 ഓർഡിനറി സർവ്വീസുകളിലായി 104 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇവയിൽ കൂടുതലും ഗ്രാമ പ്രദേശങ്ങളിലൂടെയാണ് സർവ്വീസ് നടത്തുന്നത്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസുകൾ ഈ മേഖലയിൽ നടത്തുന്നതാണ്.

(ബി) കൂടുതൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.